പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5016**

01.07.2013 ൽ മറുപടിയ്ക്ക്

## ആറ്റിങ്ങലിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ കവർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആറ്റിങ്ങൽ പട്ടണത്തിൽ പോപ്പുലർ ഫിനാൻസ് എന്ന സ്വകാര്യധനകാര്യ സ്ഥാപനത്തിൽ 4 ജീവനക്കാരെ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) ഇതുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 654/13 u/s 394 IPC പ്രകാരമുള്ള കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. |
| (ബി) കേസന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന മേലുദ്യോഗസ്ഥൻ ആരാണെന്നും, കേസന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) ടി കേസ് ആറ്റിങ്ങൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വർക്കല എന്നിവിടങ്ങളിലെ പോലീസ് ഇൻസ്പെക്ടർമാരെയും ചിറയിൻകീഴ്, കല്ലമ്പലം പോലീസ് സ്റ്റേഷനുകളിലെ സബ് ഇൻസ്പെക്ടർമാരെയും ആറ്റിങ്ങൽ സബ് ഡിവിഷനിലെ 17 സീനിയർ സി.പി.ഒ/സി.പി.ഒ. മാരെയും ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്. |

.....2

| | | | |
|---|---|---|---|
| (സി) | ആറ്റിങ്ങൽ മേഖലയിൽ നിരന്തര മുണ്ടാകുന്ന കവർച്ചകളും അക്രമ ങ്ങളും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ആറ്റിങ്ങൽ മേഖലയിൽ നിരന്തരം കവർച്ച കളും അക്രമങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാ നായി ശക്തമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും മറ്റും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ